# സ്പന്ദനം

ശാരോൻ റൈറ്റേഴ്സ് ഫോറം പ്രസിദ്ധീകരണം

Vol - 10 Issue -06 Page 6 JUNE 2026 PRIVATE CIRCULATION ONLY


# സി ഇ എമ്മിന് പുതിയ നേതൃത്വം

തിരുവല്ല: ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പുത്രികാ സംഘടനയായ ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റ് (സി.ഇ.എം) 2026–28 കാലഘട്ടത്തിലെ ജനറൽ കമ്മിറ്റി നിലവിൽ വന്നു.

ജൂൺ 13 ശനിയാഴ്ച തിരുവല്ല ശാരോനിൽ വച്ച് സി. ഇ. എം ന്റെ ജനറൽ ബോഡി യോഗം നടന്നു. ശാരോൻ ഫെലോഷിപ്പ് ജനറൽ സെക്രട്ടറി പാസ്റ്റർ പി വി ചെറിയാൻ, മിനിസ്റ്റേഴ്സ് സെക്രട്ടറി പാസ്റ്റർ തോമസ് യോഹന്നാൻ എന്നിവരുടെ നേതൃത്വത്തിൽ നടന്ന തിരഞ്ഞെടുപ്പിൽ 2026–2028 ലേക്കുള്ള ജനറൽ & എക്സസിക്യൂട്ടീവ് കമ്മറ്റികളെ തിരഞ്ഞെടുത്തു.

ഭാരവാഹികൾ: ജനറൽ പ്രസിഡന്റ്: പാസ്റ്റർ വിൻസെന്റ് മാത്യൂ, സീനിയർ വൈസ് പ്രസിഡന്റ്: പാസ്റ്റർ സാബു യോഹന്നാൻ, ജൂനിയർ വൈസ് പ്രസിഡന്റ്: ബ്രദർ സന്തോഷ് കൊറ്റാമം, ജനറൽ സെക്രട്ടറി: പാസ്റ്റർ പോൾസൺ വി. എസ്സ്., ജനറൽ ട്രഷറാർ: ബ്രദർ ബോബി മാത്യു, അസോ. സെക്രട്ടറി: ബ്രദർ ബ്ലസൺ ജോർജ്ജ്, അസോ. ട്രഷറാർ: ബ്രദർ ജോബി. റ്റി. ബാബു, മെംബർഷിപ്പ് സെക്രട്ടറി: പാസ്റ്റർ ജോയൽ ജോസ്, താലന്ത് പരിശോധന സെക്രട്ടറി: ബ്രദർ ആൽവിൻ കെ മാത്യൂ, പബ്ലിസിറ്റി കൺവീനർ: പാസ്റ്റർ ജോബിസ് ജോസ്, മീഡിയ സെക്രട്ടറി: പാസ്റ്റർ ജോൺസൺ സി. സാം, ലിറ്ററേച്ചർ സെക്രട്ടറി: പാസ്റ്റർ ജെ പി വെണ്ണിക്കുളം, ജനറൽ കോഡിനേറ്റർ: പാസ്റ്റർ സുമേഷ് എസ്സ്, പ്രയർ കോഡിനേറ്റർ: പാസ്റ്റർ ജോമോൻ. ജെ





കമ്മറ്റി അംഗങ്ങൾ: പാസ്റ്റർ എൽദോസ് കുര്യാക്കോസ്, പാസ്റ്റർ നിജു ബേബി, പാസ്റ്റർ സാം ആന്റണി, പാസ്റ്റർ ഷിബു ഇ. എൽ, പാസ്റ്റർ പ്രവീൺകുമാർ, പാസ്റ്റർ സാജൻ പി. സി, ബ്രദർ ഇമ്മാനുവേൽ എം. എം.

തിരഞ്ഞെടുക്കപ്പെട്ട കമ്മറ്റി അംഗങ്ങൾക്ക് റൈറ്റേഴ്സ് ഫോറത്തിന്റെ ആശംസകൾ.

# പിസിനാക് കോൺഫറൻസ്

## ജൂലൈ രണ്ടിന് ചിക്കാഗോയിൽ തുടക്കമാകും

ചിക്കാഗോ: നാല്പതാമത് നോർത്ത് അമേരിക്കൻ മലയാളി പെന്തക്കോസ്തൽ കോൺഫ്രൻസ് ജൂലൈ 2 വ്യാഴാഴ്ച വൈകിട്ട് ഷാംബർഗ് കൺവെൻഷൻ സെന്ററിൽ നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ കൺവെൻഷൻ ഔപചാരികമായി ഉദ്ഘാടനം ചെയ്യും. ഡോ സതീഷ് കുമാർ മുഖ്യ സന്ദേശം നൽകും.

പ്രീ കോൺഫ്രൻസ് പരിപാടികൾ അഞ്ചരമണിക്ക് ആരംഭിക്കും. പാസ്റ്റർ ലോഡ്സൺ ആന്റണി നേതൃത്വം നൽകുന്ന ഗായക സംഘം പ്രയ്സ് ആൻഡ് വർഷിപ്പിന് നേതൃത്വം നൽകും.

തുടർന്നുള്ള ദിവസങ്ങളിൽ റവ. ജോ തോമസ്, ഡോ തോംസൺ കെ. മാത്യു, ഡോ വിൽസൺ വർക്കി, പാസ്റ്റർ സാബു വർഗീസ്, ഡോ ഷിബു തോമസ് അറ്റ്ലാന്റാ, ഡോക്ടർ റിങ്കു തോംസൺ, റവ ജോർജ് പി ചാക്കോ, പാസ്റ്റർ അനീഷ് കൊല്ലം, ഡോ. സജി ഫിലിപ്പ്, പാസ്റ്റർ വൈ യോഹന്നാൻ, പാസ്റ്റർ സജി മാത്യു, റവ ജോർജ് മാത്യു പുതുപ്പള്ളി റവ ജോൺസൺ ജോർജ് എന്നിവർ പ്രഭാഷണങ്ങൾ നടത്തും.




# ലഹരിക്കെതിരെ... ലഹരിയാകട്ടെ

ന്യൂസ് സ്റ്റോറി

**കേ**രളം ലഹരിയുടെ ഹബ്ബായി മാറിയിട്ട് വർഷങ്ങളായി. നമ്മുടെ യുവതലമുറ മാത്രമല്ല; സ്ത്രീപുരുഷ വ്യത്യാസമില്ലാതെ സ്കൂളുകൾ തുടങ്ങി എല്ലാ കലാലയങ്ങളും കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും എല്ലാ ലഹരി പദാർത്ഥങ്ങളും സുലഭമായി ലഭിക്കുന്ന അവസ്ഥയിലായിരുന്നു.

നിയമസംവിധാനങ്ങൾക്കും ഒക്കെ മീതെ സഞ്ചരിക്കുന്ന രീതിയിൽ ലഹരിയുടെ വിളനിലമായി കേരളം തീർന്നിരുന്നു. എല്ലാം ലഹരി തീരുമാനിക്കും എന്ന നിലയിൽ നമ്മുടെ നാട് സർവ്വനാശത്തിലായിരുന്നു . ഇവിടെ നിന്നാണ് പുതിയ ഗവൺമെന്റ് തൂഫാൻ എന്ന പേരിൽ ലഹരിക്കെതിരെ ദൗത്യം ആരംഭിച്ചിരിക്കുന്നത്.

കേരളത്തെ ലഹരിയിൽ നിന്ന് രക്ഷിക്കുവാൻ ഗവൺമെന്റിന്റെ സത്വര നടപടികൾക്ക് സഭാ സംഘടന വിത്യാസമില്ലാതെ പിന്തുണ നൽകണം.


യുവതയേയും, സമൂഹത്തെയും, കുടുംബങ്ങളെയും നശിപ്പിച്ച് കൊണ്ടിരിക്കുന്ന ലഹരിക്കെതിരെ ആര് പ്രവർത്തന സജ്ജമായി മുന്നിട്ടറിങ്ങിയാലും അത് പ്രശംസനീയമാണ്. രാഷ്ട്രീയ സഭാ സംഘനാ വ്യത്യാസമില്ലാതെ പിൻതുണക്കേണ്ടതിന് പകരമായി ആരും തുരങ്കം വെക്കാതിരിക്കട്ടെ.

കർഷനമായ നിയമം കൊണ്ട് ഒരു പരിധിവരെ ഈ സാമൂഹ്യ തിന്മയെ തടയാം. എന്നാൽ കർഷന നടപടിയോടൊപ്പം ശരിയായ ബോധവത്ക്കരണവും ആവശ്യമാണ്.

തൂഫാൻ എന്ന പേരിൽ ലെഹരിക്കെതിരെ സർക്കാർ ശക്തമായ നടപടിയുമായി മുന്നേറുമ്പോൾ കേരളത്തിലെ പെന്റകോസ്ത് സമൂഹങ്ങൾക്കും അഭിമാനിക്കാം. കഴിഞ്ഞ കുറെ വർഷങ്ങളായി കേരളത്തിൽ എല്ലായിടത്തും ലഹരി വിമോചന പ്രഭാഷണങ്ങളും സുവിശേഷീകരണവും നടക്കുകയായിരുന്നു. ലഹരി വിമോചന സന്ദേശങ്ങൾ ശ്രദ്ധിച്ച പൊതുപ്രവർത്തകർക്കും രാഷ്ട്രീകാർക്കും ലഹരി നാടിനാപത്താണെന്ന് ചിന്തിപ്പിക്കുവാൻ ചെറിയ രീതിയിലെങ്കിലും ഇത്തരം ലഹരി വിരുദ്ധ സന്ദേശ യാത്രകൾ കൊണ്ടായിട്ടുണ്ട്.




ലഹരിക്കെതിരെ ശക്തമായ നടപടിയെയും, ബോധവൽക്കരണവും കൗൺസിലിംഗും ഏറ്റവും നല്ലതാണ്. ഇത്തരം സർക്കാർ നടപടികളെയും സാമൂഹ്യ പ്രവർത്തനത്തെയും മുക്തകണ്ഠം പ്രശംസിക്കുന്നു. എന്നാൽ; മനുഷ്യനെ ഇത്തരം തിന്മകളിലേക്ക് നയിക്കുന്ന എല്ലാറ്റിന്റെയും പിന്നിൽ; മനുഷ്യനിൽ കുടികൊള്ളുന്ന പാപമാണ്. പാപത്തിൽ നിന്ന് മോചനം വന്നേ പറ്റുകയുള്ളൂ. സുവിശേഷം ആണ് മനുഷ്യന് രൂപാന്തരം വരുത്തുന്നത്. യേശുവിലൂടെ മനുഷ്യകുലത്തിന് വരുന്ന ആത്യന്തിക പരിവർത്തനം നാം പറഞ്ഞ് കൊണ്ടേയിരിക്കുക. ഈ സമയത്ത് സമൂഹത്തിൽ സുവിശേഷീകരണത്തിന്റെ പ്രാധാന്യം വർദ്ധിക്കുകയാണ്.



സാം റ്റി. മുഖത്തല

ലഹരി ഉപയോഗിച്ച് കൊണ്ടിരുന്നവർ അത് കിട്ടാതാകുമ്പോൾ മനോനിലക്ക് മാറ്റം വന്നേക്കാം. എന്നാൽ മനുഷ്യനെ നേരായ മാർഗ്ഗത്തിൽ നയിക്കുന്ന സുവിശേഷമാകുന്ന മരുന്ന് നാം വിതരണം ചെയ്യുക. ഈ സമയത്ത് നാം ഉണരുക. നാമും സുവിശേഷവുമായി കൊടുങ്കാറ്റുകളാകുക. ദൈവം അനുഗ്രഹിക്കട്ടെ.

എഡിറ്റോറിയൽ



അനീഷ് കൊല്ലംകോട്

# അനുരഞ്ജനത്തിന്റെ സുവിശേഷവും വിഭജിക്കപ്പെടുന്ന സഭയും

**ഇ**രുപത്തിയൊന്നാം നൂറ്റാണ്ടിലെ സഭ അതിന്റെ പ്രത്യയശാസ്ത്രം പ്രായോഗിക തലത്തിൽ കൊണ്ടു വരാൻ സാധിക്കാത്ത വിധം വലിയ വെല്ലുവിളി നേരിടുകയാണ്. ലോകത്തോട് സമാധാനവും സ്നേഹവും അനുരഞ്ജനവും പ്രസംഗിക്കുന്ന സഭ പലപ്പോഴും അതിനുള്ളിൽ ത്തന്നെ വിഭജനങ്ങളുടെയും ഗ്രൂപ്പിസത്തിന്റെയും വ്യക്തികേന്ദ്രീകൃത നേതൃത്വത്തിന്റെയും സംഘടനാ മത്സരങ്ങളുടെയും ഇരയായി മാറുന്നു. ക്രിസ്തു തകർത്ത മതിലുകൾ മനുഷ്യർ വീണ്ടും പണിയുന്ന കാഴ്ചയാണ് ഇന്ന് പല സ്ഥലങ്ങളിലും കാണുന്നത്. ഈ സാഹചര്യത്തിൽ 2 കൊരിന്ത്യർ 5:18–20 വരെയുള്ള വേദഭാഗങ്ങളിലൂടെ പൗലോസ് അപ്പോസ്തലൻ നൽകുന്ന ആത്മീയ വെളിപ്പാട് കാലാനുസൃതമായ പുതിയ വെല്ലുവിളികളുമായി സഭയുടെ വാതിൽക്കൽ മുട്ടുകയാണ്. അപ്പോസ്തലൻ സഭയോട് പറയുന്നത് 'അനുരഞ്ജനത്തിന്റെ ശുശ്രൂഷ ഞങ്ങളെ ഏല്പിച്ചിരിക്കുന്നു.' എന്നാണ്.

ഇന്നത്തെ സഭയുടെ ഏറ്റവും വലിയ വെല്ലുവിളി പുറത്തുനിന്നുള്ള എതിർപ്പുകളല്ല; അകത്തുള്ള അകൽച്ചകളാണ്. അഭിപ്രായ വ്യത്യാസങ്ങൾ, അധികാര തർക്കങ്ങൾ, തലമുറകൾക്കിടയിലെ സംഘർഷങ്ങൾ, വ്യക്തിപൂജ, പരസ്പരമുള്ള കടുത്ത വിമർശനങ്ങൾ, ഡിജിറ്റൽ മാധ്യമങ്ങളിലൂടെയുള്ള തുറന്ന ഏറ്റുമുട്ടലുകൾ തുടങ്ങിയവ ക്രിസ്തുവിന്റെ ശരീരത്തെ ദുർബലമാക്കിക്കൊണ്ടിരിക്കുന്നു എന്നു ബന്ധപ്പെട്ടവർ അറിയുന്നില്ല. സഭയുടെ പ്രസംഗങ്ങളേക്കാൾ സഭയുടെ ബന്ധങ്ങളെയാണ് ലോകം ആദ്യം ശ്രദ്ധിക്കുന്നത്. ഒരേ കർത്താവിനെയും ഒരേ സുവിശേഷത്തെയും ഏറ്റുപറയുന്നവർ പരസ്പരം സംശയത്തോടെയും അകൽച്ചയോടെയും ജീവിക്കുമ്പോൾ സമൂഹ മനസാക്ഷിയുടെ മുന്നിൽ ചോദ്യം ചെയ്യപ്പെടുന്നത് സുവിശേഷത്തിന്റെ വിശ്വാസ്യതയാണ്. തത്വത്തിൽ സ്വന്തം സഹോദരങ്ങളിൽ നിന്ന് അകലുന്നവർ സാക്ഷാൽ ദൈവത്തിൽ നിന്നുതന്നെ അകന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്.

യേശുവിന്റെ മഹാപൗരോഹിത്യ പ്രാർത്ഥന ഐക്യത്തിനുവേണ്ടിയായിരുന്നു: ലോകം വിശ്വസിക്കേണ്ടതിന് അവർ എല്ലാവരും ഒന്നായിരിക്കേണമേ എന്ന പ്രാർത്ഥനാ വാചകം ഇന്നും പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നു (യോഹന്നാൻ 17:21).

സഭയുടെ ഐക്യം ഒരു ഭരണപരമായ ആവശ്യമോ സംഘടനാപരമായ തന്ത്രമോ അല്ല; അത് സുവിശേഷത്തിന്റെ തന്നെ ഭാഗമാണ്. അനുരഞ്ജനത്തിന്റെ സുവിശേഷം പ്രസംഗിക്കുന്നവർ ആദ്യം അനുരഞ്ജനത്തിന്റെ ജീവിതം ജീവിക്കണം. വ്യത്യസ്ത അഭിപ്രായങ്ങളും ആരാധനാരീതികളും സംഘടനകളും ഉണ്ടാകാം. എന്നാൽ അവയൊന്നും സുവിശേഷത്തിന്റെ പ്രസക്തി നഷ്ടപ്പെടുത്തുന്ന വിധം പരസ്പര വിരോധത്തിനും വൈരാഗ്യത്തിനും കാരണമാകരുത്.

ഇന്ന് സഭയ്ക്ക് കൂടുതൽ സംഘടനകളും കൂടുതൽ വേദികളും കൂടുതൽ പരിപാടികളും മാത്രമല്ല വേണ്ടത്. അതിലുപരി പരസ്പരം കേൾക്കാനുള്ള മനസ്സും ക്ഷമിക്കാനുള്ള ഹൃദയവും സഹകരിക്കാനുള്ള ആത്മാവുമാണ് ഏറ്റവും ആവശ്യം. ദൈവത്തിനും മനുഷ്യനും ഇടയിലെ അകലം മാത്രമല്ല, മനുഷ്യനും മനുഷ്യനും ഇടയിലെ മതിലുകളും തകർത്തു എന്നതാണ് ക്രിസ്തുവിന്റെ ക്രൂശിന്റെ മഹത്വം.

സഭയുടെ ദൗത്യം മതിലുകൾ പണിയലല്ല; മതിലുകളെ തകർത്തു മുന്നേറുക എന്നതാണ്. വിഭജിക്കപ്പെട്ട സഭയ്ക്ക് അനുരഞ്ജനത്തിന്റെ സുവിശേഷം പ്രസംഗിക്കാൻ സാധിക്കുന്നതെങ്ങനെ? '*രാജ്യം തന്നിൽ തന്നെ ചിദ്രിച്ചാൽ അതിനു നിലനിൽപ്പ് ഇല്ല*' എന്നതും '*രണ്ടു പേർ തമ്മിൽ ഒത്തിട്ടല്ലാതെ എങ്ങനെ ഒരുമിച്ചു നടക്കും*' എന്നതും ഇന്നത്തെ സഭയോടുള്ള ദൈവീക മുന്നറിയിപ്പാണ്. കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ!



ജെ. പി. വെണ്ണിക്കുളം

# യബ്ബേസ്

1 ദിനവൃത്താന്തം 4:9 യബ്ബേസ് തന്റെ സഹോദരന്മാരെക്കാൾ ഏറ്റവും മാന്യൻ ആയിരുന്നു; അവന്റെ അമ്മ: ഞാൻ അവനെ വ്യസനത്തോടെ പ്രസവിച്ചു എന്നു പറഞ്ഞു അവന്നു യബ്ബേസ് എന്നു പേരിട്ടു.

യബ്ബേസ് എന്ന പേരിന്റെ അർത്ഥം "ദുഃഖം ഉണ്ടാക്കുന്നവൻ", "വേദന നല്കുന്നവൻ" എന്നാണ്. അവന്റെ ജനനം അവന്റെ മാതാവിന് വേദന നല്കിയിരുന്നു. എന്നാൽ അവൻ ജീവിതത്തിൽ ദൈവത്തിന് സന്തോഷം നല്കി. അവൻ നാല് കാര്യങ്ങളാണ് ദൈവത്തോട് അപേക്ഷിച്ചത്. അവയെല്ലാം അവന് ലഭിച്ചു. അവൻ ആവശ്യപ്പെട്ടത് വ്യക്തമായും ദൈവത്തിന് പ്രസാദകരമായിരുന്നു എന്ന് വേണം പറയുവാൻ. ആ വസ്തുതകൾ അവൻ തന്റെ സഹോദരന്മാരേക്കാൾ ആദരണീയൻ എന്ന് തെളിയിച്ചു. അവൻ ചോദിച്ച നാല് കാര്യങ്ങൾ നാം ചോദിക്കേണ്ടതു തന്നെയാണ്.

1. ദൈവം നമ്മെ തീർച്ചയായും അനുഗ്രഹിക്കണം.
2. ദൈവം നമ്മുടെ പ്രവർത്തന മേഖലകൾ വിപുലമാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യണം.
3. ദൈവത്തിന്റെ കരങ്ങൾ നമ്മോട് കൂടെ ഉണ്ടായിരിക്കണം.
4. വേദനയുളവാകാതിരിക്കുവാൻ തക്കവിധം ദൈവം നമ്മെ ദുഷ്ടതയിൽ നിന്നും സംരക്ഷിക്കണം.

പ്രാർത്ഥനയ്ക്ക് മറുപടിയുണ്ട് എന്ന പ്രതീക്ഷയോടെ നമുക്കും പ്രാർത്ഥിക്കാം.

## പൂർണ്ണതയുള്ള സഭ

പൂർണ്ണതയുള്ള സഭ കാണുന്ന പക്ഷം അവിടെ ചേരു വാൻ ആഗ്രഹിച്ചു നടക്കുന്ന ഒരുവൻ സ്പർജനുമായി കണ്ടുമുട്ടി. ഇദ്ദേഹത്തിന്റെ ഇംഗിതമറിഞ്ഞ സ്പർജൻ പറഞ്ഞു: എന്റെ സഭ നിങ്ങൾ നോക്കുന്ന യോഗ്യതയുള്ളതല്ല. ശിഷ്യന്മാരുടെ ഇടയിൽ യൂദാ ഉണ്ടായിരുന്നതുപോലെ ഏത് സഭയിലും നല്ലതും ചീത്തയും ഉണ്ട്. ഇനി നിങ്ങൾ ഏറ്റവും പൂർണ്ണതയുള്ള സഭകാണുന്ന പക്ഷം അതിൽ ചേരരുത്; കാരണം നിങ്ങൾ അതിനെ ദുഷിപ്പിക്കും.

—ചാൾസ് സ്പർജൻ—

## എഡിറ്റോറിയൽ ബോർഡ്

**രക്ഷാധികാരികൾ**
പാസ്റ്റർ ജോൺസൺ കെ. സാമുവേൽ
പാസ്റ്റർ ഏബ്രഹാം ജോസഫ്
പാസ്റ്റർ ജോൺ തോമസ്
പാസ്റ്റർ വി. ജെ. തോമസ്
പാസ്റ്റർ റോയ് ചെറിയാൻ
പാസ്റ്റർ പി. വി. ചെറിയാൻ

**ചീഫ് എഡിറ്റർ**
പാസ്റ്റർ സാം റ്റി. മുഖത്തല

**റൈറ്റേഴ്സ് ഫോറം ലിറ്ററേച്ചർ സെക്രട്ടറി**
പാസ്റ്റർ ടൈറ്റസ് ജോൺസൻ

**മാനേജിംഗ് എഡിറ്റർ**
പാസ്റ്റർ ജെ. പി. വെണ്ണിക്കുളം

**എഡിറ്റർ**
പാസ്റ്റർ ജോബിസ് ജോസ്

**പബ്ലിഷർ**
പാസ്റ്റർ അനീഷ് കൊല്ലംകോട്

**സബ് എഡിറ്റേഴ്സ്**
പാസ്റ്റർ ഏബ്രഹാം മന്ദമരുതി
പാസ്റ്റർ ബിജു ജോസഫ്
പാസ്റ്റർ കെ. ജെ. ജോബ്
പാസ്റ്റർ ബ്ലസ്സൻ ജോർജ്ജ്
പാസ്റ്റർ ഗോഡ്സൻ സി. സണ്ണി



ഓർമ്മക്കുറിപ്പ്

# വളവുങ്കൽ അമ്മച്ചി:

## 101 -ാം വയസ്സിൽ വിടപറഞ്ഞ

# വനിതാരത്നം





ടൈറ്റസ് ജോൺസൻ

യഹോവാഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും. *A woman that feareth the LORD, she shall be praised* (Proverbs: 31:1). 'വളവുങ്കലെ അമ്മച്ചി' എന്നറിയപ്പെട്ട റാന്നി ചെത്തോങ്കര സഭാംഗമായിരുന്ന അമ്മയ്ക്ക് ഏറ്റവും അനുയോജ്യമായ ബൈബിൾ വചനമാണിത്. യഹോവാഭക്തിയുടെ അടിസ്ഥാനങ്ങളായ പ്രാർത്ഥന, ദൈവസ്നേഹം, ജീവിതശുദ്ധി ഇവയാൽ നിരന്തരം നയിക്കപ്പെട്ട അമ്മ 2026 മെയ് 17 ഞായർ ഉച്ചയ്ക്ക് ശേഷം 101 വയസ്സിൽ നിത്യജീവിതത്തിലേക്ക് പ്രവേശിച്ചെങ്കിലും ഈ വചനത്താൽ എന്നും പ്രശംസിക്കപ്പെടും.

1925 സെപ്റ്റംബർ 10 നു റാന്നി പാട്ടമ്പലത്ത് പി. കെ. വർഗീസ് - റേച്ചൽ സൈമൺ എന്നിവരുടെ മൂത്തമകളായി ജനിച്ചു. പതിന്നാലാം വയസ്സിൽ രക്ഷിക്കപ്പെട്ടു. തിരുവല്ലയ്ക്കടുത്ത് തലവടി വളവുങ്കൽ (കാഞ്ഞിരപ്പള്ളിൽ കുടുംബം) ജോൺ കുര്യനുമായുള്ള വിവാഹശേഷം റാന്നിയിൽ സ്ഥിരതാമസമാക്കി. ചില നാളുകൾക്കനന്തരം ഇരുവരും വിശ്വാസ സ്നാനം സ്വീകരിച്ചു. പിന്നീട് ചെത്തോങ്കര ശാരോൻ സഭയുടെ തുടക്കത്തിന് കാരണമായി. മാത്രമല്ല, ഇരുവരുടെയും പ്രാർത്ഥന, ദർശനം, കഠിനാദ്ധ്വാനം, സ്നേഹനിർഭരമായ സ്വഭാവം, സ്ഥിരോത്സാഹം ഇവമൂലം ചുറ്റുമുള്ള പ്രദേശങ്ങളിൽ പല സഭകളും രൂപപ്പെടുവാൻ ഇടയായി.

അമ്മയുടെ സഹോദരങ്ങളിൽ പാസ്റ്റർ പി. വി. കുരുവിള (ജോർജ്കുട്ടി) 2026 ജനുവരി 18 ഞായറാഴ്ച 96-ാം വയസ്സിൽ അമേരിക്കയിൽ വെച്ച് നിത്യതയിൽ പ്രവേശിച്ചു. 1963 ൽ അദ്ദേഹം അമേരിക്കയിലേക്ക് കുടിയേറിയതാണ് കുടുംബാംഗങ്ങളിൽ മിക്കപേരും അവിടെയെത്തുവാൻ മുഖാന്തിരമായത്. അമ്മയുടെ മറ്റ് സഹോദരങ്ങളാണ് പി. വി. സാമുവേൽ (ജോയ്), പൊടിയമ്മ, അമ്മിണി, പി. വി. സൈമൺ (ബേബി), സാറാമ്മ തോമസ് (ചിക്കാഗോ). ഇവരിൽ ബേബിച്ചായനൊഴികെ ബാക്കിയെല്ലാവരും ഇപ്പോൾ നിത്യതയിൽ വിശ്രമിക്കുന്നു.

പ്രിയ മാതാവിന്റെ പ്രാർത്ഥനയും ഉപവാസവും നിറഞ്ഞ ജീവിതവും ലാളിത്യവും പ്രസിദ്ധമാണ്. പലപ്പോഴും ഒരു ദിവസം പത്ത് മണിക്കൂർവരെ പ്രാർത്ഥനയ്ക്ക് സമയം കണ്ടെത്തിയിരുന്നു. അപ്പോൾത്തന്നെ തന്റെ 7 മക്കളെയും കൃപയിൽ വളർത്തുന്നതിന് ദൈവം സഹായിച്ചു. ഇളയ മകൾ ഏലിക്കുട്ടി മൂന്നാം വയസ്സിൽ ന്യുമോണിയ ബാധിച്ച് ലോകത്തോട് വിട പറഞ്ഞു. മറ്റൊരു മകൾ റേച്ചൽ (അമ്മിണി) വിവാഹാനന്തരം 23-ാം വയസ്സിൽ ആകസ്മികമായി നിത്യതയിലേക്ക് പോയി. റേച്ചൽ - പാസ്റ്റർ കെ. എ. ഫിലിപ്പ് ദമ്പതികൾക്ക് ദൈവം നൽകിയ ഏകമകൾ ലൗലിക്ക് ആറ് മാസം മാത്രം പ്രായം ഉള്ളപ്പോഴാണ് റേച്ചൽ മരിക്കുന്നത്. അതിന് ശേഷം ലൗലി വളർത്തപ്പെട്ടത് അപ്പച്ചന്റെയും അമ്മയുടെയും സംരക്ഷണയിലാണ്.

അപ്പച്ചന്റെ മരണശേഷം കഴിഞ്ഞ 29 വർഷമായി അമ്മയുടെ സംരക്ഷണം പ്രിയ ലൗലിയും ഭർത്താവ് അജിയും (ആന്താര്യത്ത്) ചേർന്നാണ് കുടുംബമായി നിർവ്വഹിച്ചത്. അത് അമ്മയ്ക്കായുള്ള ദൈവിക കരുതൽകൂടി ആയിരുന്നു. അമ്മയ്ക്ക് ദൈവം 18 കൊച്ചുമക്കളെയും 39 ചെറുമക്കളെയും അഞ്ചാം തലമുറയായി ഒരു പിഞ്ചുമകനെയും നൽകി. അമ്മച്ചിയുടെ മരണത്തിന് ചില ദിവസങ്ങൾക്ക് മുൻപ് ജനിച്ച ഈ പൈതലിനെ വീഡിയോകോൾ വഴി കണ്ട് പ്രാർത്ഥിച്ചു അനുഗ്രഹിക്കുവാൻ ഇടയായി എന്നതും ഒരു ഭാഗ്യമാണ്. മൂന്ന് പെൺമക്കളും ഇളയ മകനും സുവിശേഷ വേലക്കാരായതും മറ്റ് മക്കളും കൊച്ചുമക്കളുമെല്ലാം ദൈവരാജ്യ വ്യാപനത്തിൽ പങ്കാളിത്തം വഹിക്കുന്നത് അമ്മയുടെ ആത്മഭാരമുണ്ടായിരുന്ന ഹൃദയത്തിന്റെ അടയാളമാണ്.

ഒരു പരിശീലിച്ച സൈക്കോളജിസ്റ്റിനെ വെല്ലുന്ന പ്രാവീണ്യത്തോടെയാണ് ഈ അമ്മ മക്കളെ വളർത്തിയത് എന്ന് തെളിയിക്കുന്ന ഒരു ഉദാഹരണം ആൺമക്കൾ പങ്ക് വെച്ചു. സ്കൂളിൽ പോകുന്നതിന് മുൻപ് ഓരോരുത്തരെയും ഒരുക്കി അരികെ വിളിച്ച് അമ്മ ചെവിയിൽ ഇങ്ങനെ പറയും: 'മോനേ, നീയാണ് ഈ പ്രദേശത്തെ ഏറ്റവും സുന്ദരൻ.' ഇങ്ങനെയുള്ള പോസിറ്റീവ് വാക്കുകൾ അല്ലാതെ മറ്റ് വാക്കുകൾ ഒരിക്കൽപോലും അമ്മ പറഞ്ഞിട്ടില്ല. അതെപ്പോഴും കുട്ടികളിൽ ആത്മവിശ്വാസം വളർത്തിയിരുന്നു.

അറിയാവുന്നവർക്കെല്ലാം വളവുങ്കലെ അമ്മച്ചി 'അമ്മ' ആയിരുന്നു. വീട്ടുകാർക്ക് മാത്രമല്ല, ദേശത്തിലെ ദൈവദാസന്മാർക്കും ദൈവജനങ്ങൾക്കും പൗരജനങ്ങൾക്കുമുൾപ്പെടെ ആയിരങ്ങൾക്ക് അമ്മയായിരുന്നു. അമ്മയുടെ കൈപ്പുണ്യം വിവിധ നേരങ്ങളിൽ ആസ്വദിച്ചത് എത്ര പേര്, എത്ര സമയങ്ങളിൽ എന്നറിയില്ല. സ്നേഹിക്കാൻ മാത്രം അറിയാവുന്ന അമ്മ എന്നും വീടിന്റെ നിറസാന്നിധ്യമായിരുന്നു. അത് മരണം വരെ തുടർന്നു. വീട്ടിൽ ആളൊഴിഞ്ഞ സമയങ്ങൾ വളരെ വിരളമാണ്.

101-ാം വയസ്സിലും പ്രഭാതത്തിൽ തണുത്ത കിണറ്റുവെള്ളത്തിലെ കുളിയോടെയായിരുന്നു അമ്മയുടെ ദിവസാരംഭം. കിടക്കയിൽ അവസാനംവരെ നിരന്തരം കരുതിയിരുന്ന മുഖം നോക്കുന്ന ചെറിയ കണ്ണാടിയും ചീപ്പും അമ്മയുടെ കൃത്യമായുള്ള ശുചിത്വബോധത്തിന്റെ അടയാളമായിരുന്നു. ഒരു ദിവസം കുറഞ്ഞത് അഞ്ചുനേരമെങ്കിലും അന്യഭാഷയുടെ അകമ്പടിയോടെ പ്രാർത്ഥിക്കുന്ന പതിവ് മരണംവരെ തുടർന്നു.

അപ്പച്ചൻ ജീവിച്ചിരുന്ന കാലത്ത് അദ്ദേഹത്തോടൊപ്പം മക്കളുടെ അടുക്കൽ അമേരിക്കയിൽ പോയിട്ടുള്ളതല്ലാതെ പിന്നീട് അവരോടൊപ്പം ജീവിതകാലം കഴിക്കുവാനുള്ള നിർബ്ബന്ധത്തിന് ഒരിക്കൽപ്പോലും അമ്മ വഴിപ്പെട്ടില്ല. അതായത്, സ്വന്തം നാടിനും വീടിനും സഭയ്ക്കുമപ്പുറം ഒരു ലോകം നിത്യതയല്ലാതെ മറ്റൊന്നും ആ അമ്മയെ സ്വാധീനിച്ചില്ല.

രണ്ടു വർഷങ്ങൾക്ക് പുറകിൽ കാഴ്ചമങ്ങിയപ്പോൾ ശസ്ത്രക്രിയ ചെയ്യാൻ തീരുമാനിച്ചതും കാഴ്ച വീണ്ടെടുത്തതും വാർദ്ധക്യത്തെ തോൽപ്പിച്ച അമ്മയുടെ മനോധൈര്യത്തിനും ആത്മബലത്തിനും ഒരു ചെറിയ ഉദാഹരണമാണ്. അസ്ഥികൾക്ക് ഉണ്ടാകുന്ന തേയ്മാനംമൂലം രണ്ട് പ്രാവശ്യമായി രണ്ടു കാലുകളും ഒടിഞ്ഞു ഓപ്പറേഷന് വിധേയപ്പെട്ടെങ്കിലും വാക്കറിന്റെ സഹായത്തോടെ അവസാന സമയംവരെ നടന്ന് അത്യാവശ്യ കാര്യങ്ങൾ നിവർത്തിക്കാൻ കഴിഞ്ഞതും ദൈവകൃപയാണ്. കഠിനമായ കോവിഡ് മൂലം മരണാസന്നയായപ്പോൾ അതിനെ പൊരുതി ജയിച്ചത് മറ്റൊരു അനുഭവം.

നൂറ് വയസ്സ് പൂർത്തിയാകുന്ന 2025 സെപ്റ്റംബർ 10 നു ചില ദിവസങ്ങൾക്ക് മുൻപ് ഓഗസ്റ്റ് 29 നു അമ്മയ്ക്ക് അക്യൂട്ട് ഹാർട്ട് അറ്റാക്ക് വന്നു ബോധരഹിതയായി. റാന്നി മാർത്തോമാ ഹോസ്പിറ്റലിലും കല്ലിശ്ശേരി കെ.





ബിജു ജോസഫ്

# ദേമാസ് ആകേണ്ടുന്നവൻ മിസ് ആയി

**ദേമാസ്** എന്ന പേരിന്റെ അർത്ഥം '**പ്രശസ്തൻ ആയവൻ**' എന്നാണ്. അദ്ദേഹം അപ്പോസ്തലനായ പൗലോസിന്റെ സഹപ്രവർത്തകനും, സന്തതസഹചാരിയുമായിരുന്നു. മിഷണറി പ്രവർത്തനത്തിലും സഭാ സ്ഥാപനത്തിലും താൻ പങ്കെടുത്തു. കൊലോസ്യ സഭയ്ക്കും ഫിലേമോന്റെ കുടുംബത്തിലുള്ളവർക്കും പൗലോസിനും പ്രിയങ്കരൻ (കൊലോസ്യർ 4:14, ഫിലേമോൻ 24).

എന്നാൽ പൗലോസ് തന്റെ അവസാന ലേഖനം എഴുതുമ്പോൾ വളരെ സങ്കടത്തോടെ എഴുതുന്നു ദേമാസ് ഈ ലോകത്തെ സ്നേഹിച്ച് (*Present World*) തെസ്സലോനികൃയിലേക്ക് പോയി (2 തിമോഥി 4:10).




### ദേമാസിന് എന്തായിരിക്കാം സംഭവിച്ചത്?

**1. ഭൗതീക ആവശ്യം**

ഒരു മനുഷ്യന് ദൈനംദിനം ഒത്തിരി ആവശ്യങ്ങൾ ഉണ്ട്. പക്ഷെ മിഷണറി പ്രവർത്തനത്തിൽ തന്റെ ഭൗതീക കാര്യങ്ങൾ ഒന്നും നടക്കുന്നില്ല. പൗലോസ് കൊരിന്ത്യ ലേഖനത്തിൽ പറഞ്ഞിരിക്കുന്നു പലവട്ടം പട്ടിണി, പൈദാഹം. ദേമാസിനു കഴിക്കാനും കുടിക്കാനും പലപ്പോഴും ഒന്നും കിട്ടിയിരുന്നില്ല എന്ന് അനുമാനിക്കാം. കൂടാതെ ഒരു യൗവനക്കാരൻ എന്ന നിലയിൽ പല ആഗ്രഹങ്ങളും തനിക്കുണ്ട്. അതൊന്നും നിറവേറുന്നില്ല. പിന്നെ എന്തിനാണ് യേശുവിന്റെ പിന്നാലെ നടക്കുന്നത് എന്ന് തോന്നി.

**2. സാമൂഹത്തിലെ സ്വീകാര്യതയുടെ കുറവ്.**

ക്രിസ്ത്യാനികൾക്ക് അന്നത്തെ സമൂഹം വില കൽപിക്കുന്നില്ല. എവിടെ ചെന്നാലും ഉപദ്രവവും ,കല്ലേറും, ജയിലും നായെപ്പോലെ ആട്ടിഓടിക്കലും. അത് ദേമാസിനെ മാനസീകമായി തളർത്തി. സമൂഹത്തിന് ഉൾകൊള്ളാൻ സാധിക്കാത്ത സന്ദേശം ചുമന്നുകൊണ്ട് നടന്നിട്ട് എന്ത് കാര്യം എന്ന ചിന്ത തന്നെ പിന്നോട്ട് വലിച്ചു.

**3. സുരക്ഷിതത്വം ഇല്ലായ്മ.**

എല്ലായിടത്തും മനുഷ്യൻ ആഗ്രഹിക്കുന്നത് സുരക്ഷിതത്വമാണ്. മനുഷ്യൻ ഒരു രീതിയിൽ സുരക്ഷിതത്വത്തിനു വേണ്ടിയാണ് മതത്തെയും ദൈവത്തേയും കൂട്ടുപിടിക്കുന്നത്. യേശുവിന്റെ കൂടെ ഇറങ്ങി തിരിച്ചിട്ട് എന്നും പ്രശ്നങ്ങളാണ്.പോകുന്ന എല്ലാ സ്ഥലങ്ങളിലും വെല്ലുവിളികളാണ്. ഇതാണ് തന്നെ പുറകോട്ട് നയിച്ച മറ്റൊരു വിഷയം.

**4. ലൗകീക സുഖങ്ങളോടുള്ള താത്പര്യം**

ലോകം, ജഡം,പിശാച് ഇവ മനുഷ്യന് എന്നും എതിരാണ്.ലോക സ്നേഹം ദൈവത്തോടുള്ള ശത്രുത്വം ആകുന്നു.

ഒരു പക്ഷെ പൗലോസിന്റെ കൂടെ മിഷണറിയാത്രയിൽ തെസ്സലോനിക്യ വഴി ദേമാസ് പോയിട്ടുണ്ടാകാം. അവിടുത്തെ സാഹചര്യങ്ങൾ, ജീവിത സ്വാതന്ത്ര്യം, സുഖസൗകര്യങ്ങൾ ഇവ വല്ലാതെ തന്നെ ആകർഷിച്ചു കാണും. പിശാചിന്റെ പരീഷയിൽ കുടുങ്ങി. മോഹം ഗർഭം ധരിച്ചു. പിന്നീടുള്ള യാത്രയിൽ തെസ്സലോനിക്യയിലെ കാര്യങ്ങൾ സ്വപ്നം കാണാൻ തുടങ്ങി. അവിടേക്ക് പോകണം എന്ന് ഹൃദയത്തിൽ നിശ്ചയിച്ചു. പൗലോസിനേയും ദൈവത്തേയും ദൗത്യവും വിട്ട് തെസ്സലോനിക്യയിലേക്ക് പോയി.

ദേമാസ് ദൈവത്തിനുവേണ്ടി പ്രയോജനപ്പെടേണ്ടുന്നവനായിരുന്നു. ഇന്നത്തെ ന്യൂ ജെൻ ഭാഷയിൽ പറഞ്ഞാൽ ഒരു '**മാസ്**' ആക്കേണ്ടുന്നവനായിരുന്നു. പക്ഷെ അവൻ ലോകത്തെ സ്നേഹിച്ച് അത് '**മിസ്സ്**' ആയിപ്പോയി. ഇത് നമുക്ക് സംഭവിക്കാതിരിക്കട്ടെ.

---

പേജ് 3 ൽ നിന്നും

## വളവുങ്കൽ അമ്മച്ചി:

എം. ചെറിയാൻ ഹോസ്പിറ്റലിലും ഐ. സി. യു. വിൽ മാറിമാറി കിടന്നു. ഹോസ്പിറ്റലിൽവെച്ച് വീണ്ടും 2 പ്രാവശ്യം അറ്റാക്ക് ആവർത്തിച്ചു. ഒടുവിൽ വൈദ്യശാസ്ത്രം മരണവിധി എഴുതുവാൻ തയ്യാറായിനിന്നു. എന്നാൽ ആ ഐ. സി. യു. വിൽ അമ്മയുടെ മനസ്സ് ദൈവാശ്രയത്തിൽ നങ്കൂരം ഉറപ്പിച്ചു.

ഓക്സിജൻ സപ്പോർട്ടില്ലാതെ ശ്വസിക്കുവാൻ കഴിയാത്ത അവസ്ഥയിൽ സെപ്റ്റംബർ 9 ന് പതുങ്ങിയ ശബ്ദത്തിൽ അമ്മ ഡോക്ടറോട് പറഞ്ഞു: 'നാളെ എന്റെ ബെർത്ത് ഡേ ആണ്. എനിക്ക് സഭയിൽ പോയി പാസ്റ്ററോടും ദൈവജനത്തോടും കൂടെ ദൈവത്തിന് നന്ദി പറയണം.' ഡോക്ടർ ഉള്ളിൽ ചിരിച്ചു കാണണം. പക്ഷേ, പിറ്റേന്ന് ആ അത്ഭുതം നടന്നു. നൂറിന്റെ നിറവിൽ ആറ് മണിക്കൂറോളം അമ്മ ചെത്തോങ്കര ശാരോൻ ചർച്ചിന്റെ സ്റ്റേജിൽ വീൽ ചെയറിൽ ഇരുന്നു. വിദേശത്തുനിന്ന് വന്ന മക്കളോടും കൊച്ചുമക്കളോടും സഭയിലെ ദൈവജനത്തോടും ഒപ്പം ചേർന്ന് ദൈവത്തെ മഹത്വപ്പെടുത്തി. അന്ന് അമ്മയുടെ ആവശ്യപ്രകാരം പ്രത്യേകമായി ക്രമീകരിച്ച കർത്തൃമേശാ ശുശ്രൂഷയിലും പങ്ക് കൊണ്ടു. അങ്ങനെ അമ്മയുടെ ജീവിതം അത്ഭുതങ്ങളുടെ പരമ്പര ആയിരുന്നു.

പ്രാർത്ഥനാ പോരാളിയായിരുന്ന അമ്മയുടെ ലിസ്റ്റിൽ എണ്ണമറ്റ ആളുകൾക്ക് സ്ഥാനം ഉണ്ടായിരുന്നു എന്നതോർക്കുമ്പോൾ എത്രയോ പേരെ അമ്മ ഹൃദയത്തിൽ വഹിച്ചിരുന്നു എന്നത് അത്ഭുതമാണ്. അമ്മയുടെ ഓർമ്മയിൽ മരണംവരെ ഉണ്ടായിരുന്ന പേരുകൾ ഏതെല്ലാമെന്ന് ദൈവത്തിനും പിന്നെ അമ്മയ്ക്കും മാത്രമേ അറിയൂ. കഴിഞ്ഞ ഞായറാഴ്ച നിത്യതയിലേക്ക് താമസം മാറുന്നതുവരെ കീപാഡ് ഫോൺ മാത്രം ഉപയോഗിച്ചിരുന്ന അമ്മ ആരെങ്കിലും വിളിക്കുമ്പോൾ ആരാണെന്ന് ചോദിക്കുന്നത് വിരളമായിരുന്നു. ഓരോ കുടുംബാംഗങ്ങളുടെയും ശബ്ദം ഉടനെ സെൻസ് ചെയ്യുവാനുള്ള അസാധാരണ കഴിവും ദൈവം അമ്മയ്ക്ക് നൽകിയിരുന്നു.

വീടിനു ചുറ്റും നട്ടുപിടിപ്പിച്ചിരുന്ന ചെടികളും പൂക്കൾ നിറഞ്ഞ ചെടിച്ചട്ടികളും അമ്മയുടെ മനസ്സിന്റെ മനോഹാരികതയുടെ ദൃശ്യാവിഷ്കാരമായിരുന്നു. 101 -ാം വയസ്സിൽ അമ്മച്ചി പൂർണ്ണ സുബോധത്തോടെയും ഓർമ്മശക്തിയോടെയും നിത്യതയിലേക്ക് പോയപ്പോൾ പകരം വെക്കാനാവാത്ത പ്രാർത്ഥനയുടെ അടിസ്ഥാനങ്ങളിൽ ഒന്നാണ് നഷ്ടപ്പെട്ടിരിക്കുന്നത്.

കൂടാതെ റാന്നി ചെത്തോങ്കര ശാരോൻ സഭയുടെ ആരംഭത്തിന് ദൈവം ഉപയോഗിച്ചവരിൽ ഒരു ശില കൂടിയാണ് ഇല്ലാതാവുന്നത്.

'സുഖം ഇല്ല എന്ന് പറഞ്ഞു കിടന്ന് കഷ്ടപ്പെടാതെ ദൈവം എന്നെ എടുക്കണം' എന്നതാണ് മരിക്കുന്നതിന് ചില നിമിഷങ്ങൾക്ക് മുൻപ് അമ്മ കൊച്ചുമകൾ സിനിയോട് ഫോണിൽ പറഞ്ഞ പ്രത്യാശാ വാക്കുകൾ. പതിന്നാലാം വയസ്സിൽ രക്ഷിക്കപ്പെട്ട നാളിൽ തുടങ്ങി 'കാഹളനാദം കേൾക്കാറായി കുഞ്ഞാട്ടിൻ കാന്തേ...വ്യാകുല കാലം തീരാറായ്....' എന്ന പാട്ട് ഏറ്റവും ഇഷ്ടപ്പെട്ട് അനേകായിരം പ്രാവശ്യം പതിറ്റാണ്ടുകളിൽ ആവർത്തിച്ചു പാടിപ്പാടി മുന്നേറിയ ആ അമ്മ ദൂതസേനകളുടെ നടുവിൽ പ്രിയനെ കാണാൻ യാത്രയായി. അബ്രഹാമും ഇയ്യോബും ദാവീദുമൊക്കെ വൃദ്ധരും കാലസമ്പൂർണ്ണരുമായി മരിച്ചു എന്ന് വേദപുസ്തകം സാക്ഷിക്കുമ്പോൾ,

പ്രിയ അമ്മയും ആ ഗണത്തിൽ ചേർന്നു എന്നതോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം.



# ഞാൻ ആരാണെന്ന് അറിയാമോ?

റോഷൻ ഹരിപ്പാട്

എന്റെ തൊഴിൽ ജീവിതത്തിൽ ഞാൻ പരിചയപ്പെട്ട രോഗികളിൽ ഒരിക്കലും മറക്കാനാവാത്ത ചില മുഖങ്ങളുണ്ട്. അവയിൽ ഞാൻ വളരെ അടുത്ത് സഹകരിച്ച ഒരു രോഗിയെ പറ്റിയാണ് പറയുവാൻ ആഗ്രഹിക്കുന്നത്. സാമ്പത്തികമായി വളരെ ഉയർന്ന നിലയിലുള്ള കുടുംബം. ഒരിക്കൽ ഞാൻ ആ രോഗിയെ ശുശ്രൂഷിക്കുമ്പോൾ അടുക്കൽ ഇരുന്ന അദ്ദേഹത്തിന്റെ ഭാര്യയോട്, ഇദ്ദേഹത്തിന്റെ ജോലി എന്താണെന്ന് ചോദിച്ചപ്പോൾ, അവർ വളരെ അഭിമാനത്തോടെ മറുപടി പറഞ്ഞു: 'He is the president of one of the big multinational company'

ആ വാക്കുകളിൽ അവരുടെ ജീവിതത്തിന്റെ പ്രൗഢി പ്രതിഫലിച്ചിരുന്നു. ആഡംബര ജീവിതം, നിരവധി വാഹനങ്ങൾ, പല രാജ്യങ്ങളിലായി സ്വന്തമായി കൊട്ടാരതുല്യമായ ഭവനങ്ങൾ,... ലോകത്തിന്റെ വിവിധ രാജ്യങ്ങളിലേക്ക് ഔദ്യോഗിക കാര്യങ്ങൾക്ക് നിരന്തര യാത്രകൾ ചെയ്തിരുന്ന അദ്ദേഹത്തിന്റെ കീഴിൽ ആയിരക്കണക്കിന് ജീവനക്കാർ ജോലി ചെയ്തിരുന്നു.

എന്നാൽ ഒരു ദിവസം ഓഫീസിൽ വെച്ച് ഉണ്ടായ ചെറിയൊരു തലകറക്കം ജീവിതത്തിന്റെ ഗതി മാറ്റിമറിച്ചു. ആശുപത്രിയിലെ പരിശോധനയിൽ അത് ബ്രെയിൻ സ്ട്രോക്ക് ആണെന്ന് കണ്ടെത്തി. ശരീരത്തിന്റെ ഇടതുവശം തളർന്നു. ആദ്യ ദിവസങ്ങളിൽ പൂർണസുഖപ്രാപ്തിയുടെ പ്രതീക്ഷ ഉണ്ടായിരുന്നുവെങ്കിലും മാസങ്ങൾ പിന്നിട്ടിട്ടും കാര്യമായ പുരോഗതി ഉണ്ടായില്ല. ജീവൻ നിലനിന്നെങ്കിലും പ്രാഥമിക ആവശ്യങ്ങൾ പോലും സ്വയം ചെയ്യാൻ കഴിയാത്ത അവസ്ഥയിലേക്കാണ് അദ്ദേഹം എത്തിയത്.


ഏകദേശം മൂന്ന് മാസങ്ങൾക്ക് ശേഷം ഒരു ദിവസം ആ സഹോദരിയെ വീണ്ടും കണ്ടപ്പോൾ അവരുടെ മുഖത്ത് ആഴത്തിലുള്ള വിഷാദം നിറഞ്ഞിരുന്നു. കാരണമന്വേഷിച്ചപ്പോൾ അവർ പൊട്ടിക്കരഞ്ഞു. അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി കണക്കിലെടുത്ത് കമ്പനി ജോലി അവസാനിപ്പിച്ചു. താമസ സൗകര്യങ്ങളും മറ്റ് ആനുകൂല്യങ്ങളും നഷ്ടമായി. നല്ല സമ്പാദ്യം ഉണ്ടെങ്കിലും ഒരു കാലത്ത് തന്റെ ഭർത്താവ് വഹിച്ചിരുന്ന പദവിയും അതിനോടൊപ്പമുണ്ടായിരുന്ന സ്വാധീനവും ബഹുമാനവും നഷ്ടപ്പെട്ടപ്പോൾ, ജീവിതം മാറിയെന്ന യാഥാർത്ഥ്യം ഹൃദയംകൊണ്ട് സ്വീകരിക്കാൻ അവർക്ക് കഴിഞ്ഞില്ല. പണത്തിന് പകരം വയ്ക്കാനാകാത്ത ചില നഷ്ടങ്ങളാണ് ജീവിതത്തിൽ സംഭവിച്ചിരിക്കുന്നത്.

ആദ്യ ദിവസം അഭിമാനത്തോടെ സംസാരിച്ചിരുന്ന ആ സ്ത്രീ, ഹൃദയം തകർന്ന നിലയിൽ എന്റെ മുന്നിൽ നിൽക്കുന്നത് കണ്ടപ്പോൾ ഞാനും തകർന്നുപോയി. മനുഷ്യൻ എത്ര ഉയരങ്ങളിൽ എത്തിയാലും, ഒരു നിമിഷം മതി ജീവിതം മാറിമറിയാൻ.

*'ഏതു മനുഷ്യനും ഉറച്ചു നിന്നാലും ഒരു ശ്വാസമത്രേ ആകുന്നു'*

നാം ആരായാലും, എത്ര ശക്തരാണെന്ന് കരുതിയാലും, നമ്മുടെ നിസ്സാരത മറക്കരുത്. പണത്തിനും സ്വാധീനത്തിനും ആരോഗ്യത്തിനും പോലും സഹായിക്കാനാവാത്ത സാഹചര്യങ്ങൾ ജീവിതത്തിൽ വന്നേക്കാം. എന്നാൽ ദൈവാശ്രയം ഉള്ളവർക്ക് അത്തരം പ്രതിസന്ധികളെയും അതിജീവിക്കാൻ കഴിയും.

ജീവിതത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ, സ്വന്തമെന്ന് കരുതിയ പലതും ഒരു നിമിഷത്തിൽ നഷ്ടപ്പെട്ടുപോകാം. ആരോഗ്യവും സമ്പത്തും സ്ഥാനമാനങ്ങളും മനുഷ്യന്റെ കൈകളിൽ ശാശ്വതമായി നിലനിൽക്കുന്നവയല്ല. ഇന്ന് നമ്മുടെ ശക്തിയായി തോന്നുന്നതെല്ലാം നാളെ അപ്രത്യക്ഷമാകാം. എന്നാൽ മാറ്റമില്ലാതെ നിലനിൽക്കുന്നത് ദൈവത്തിന്റെ കൃപ മാത്രമാണ്. പ്രതീക്ഷകൾ തകർന്ന നിമിഷങ്ങളിലും, മുന്നോട്ടുള്ള വഴി മങ്ങിപ്പോയ സാഹചര്യങ്ങളിലും, നമ്മെ കൈവിടാതെ താങ്ങിനിർത്തിയത് അവിടുത്തെ കരുണയായിരുന്നു. അതുകൊണ്ട് കഴിഞ്ഞുപോയ ഓരോ ദിനങ്ങളും ദൈവത്തിന്റെ ദാനമാണെന്നും, നാം എത്തിച്ചേർന്ന ഓരോ നിലയും അവിടുത്തെ നടത്തിപ്പിന്റെ ഫലമാണെന്നും ഹൃദയപൂർവം ഏറ്റുപറയാൻ കഴിയണം. നാളെയെക്കുറിച്ചുള്ള ഉറപ്പുകളേക്കാൾ വലിയതാണ് ഇന്നുവരെ നമ്മെ സംരക്ഷിച്ച ദൈവത്തിന്റെ വിശ്വസ്തത. അതിനാൽ വിനയത്തോടെ നന്ദിയോടെ നമുക്ക് പറയാം, 'ഇതുവരെ വഴിനടത്തിയ ദൈവത്തിന് സ്തോത്രം.'



# നിങ്ങളുടെ അലങ്കാരം

ജോയ് നെടുംകുന്നം



'വിരൂപണിയായവളുടെ തലയിലെ മുല്ല മാല അവളുടെ വൈരൂപ്യത്തെ വർധിപ്പിക്കുകയേയുള്ളൂ...'

എം. കൃഷ്ണൻ നായരുടെ സാഹിത്യവാരഫലത്തിൽ വായിച്ച ഒരു കാര്യവിവരണമാണിത്.

സൗന്ദര്യം ഇല്ലാത്തവർക്ക് സൗന്ദര്യം വർദ്ധിപ്പിക്കാൻ കഴിയില്ല. വൈരൂപ്യം ഏറി വരികയുള്ളൂ.

'ഉള്ളവരാണ് വർദ്ധിപ്പിക്കുന്നത്' ഇല്ലാത്തത് ഒന്ന് വർധിപ്പിക്കുന്നത് എങ്ങനെ? എന്ന തത്വമാണ് അദ്ദേഹം പറഞ്ഞുവന്നത്.

സൗന്ദര്യവർദ്ധക വസ്തുക്കൾ (*Cosmetics*) ഏറെ വിറ്റഴിയുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്.

സൗന്ദര്യവർദ്ധക ചികിത്സ വളരെ പണച്ചെലവുള്ള ഒന്നാണ്. മൈക്കിൾ ജാക്സൺ തന്റെ നിറവും, രൂപവും, ഭാവവും ഒക്കെ മാറ്റുവാൻ കോടികളാണ് ചെലവഴിച്ചത്.

ഒടുവിൽ മരണത്തിന് കീഴടങ്ങി. കോസമറ്റിക് ഐറ്റം അധികമുപയോഗിച്ചാൽ ക്യാൻസർ പോലെയുള്ള മാരക രോഗങ്ങൾ പിടിപെടാൻ സാധ്യതയുണ്ട്.

പരേതനായ ഒരു കോമഡി സിനിമ താരത്തിന്റെ രോഗിയായ വിധവ

ചില ക്രിസ്തീയ പാട്ടിന്റെ ഈരടികൾ പാടി ആശ്വസിക്കുന്നത് കേട്ടു.

ദൈവം തന്ന സൗന്ദര്യം കൊണ്ട് തൃപ്തരാകുക.

'വെളുക്കാൻ തേച്ചത് പാണ്ടായി...'

എന്ന് ഒരു പഴമൊഴി നാം കേട്ടിട്ടുണ്ടല്ലോ?

ബൈബിൾ നമ്മെ പഠിപ്പിക്കുന്നത്, യഥാർത്ഥ അലങ്കാരം പുറമേയുള്ള ഭംഗിയല്ല; ഉള്ളിലെ ആത്മീയ സൗന്ദര്യമാണ്.

1 പത്രോസ് 3:3,4

നിങ്ങളുടെ അലങ്കാരം... സൗമ്യതയും, സാവധാനതയുമുള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു.

നിങ്ങളുടെ അലങ്കാരം പുറത്തെ ചമയങ്ങൾ ആകരുത്.

വിനീതവും, ശാന്തവുമായ, ആത്മാവിന്റെ അഴിയാത്ത സൗന്ദര്യം.!

അതിൽപ്പരം മറ്റൊന്നുമില്ല.

ദൈവദൃഷ്ടിയിൽ വിലപ്പെട്ടത് എന്താണ്???

വിനയം, ശാന്തത, സ്നേഹം, നല്ല സ്വഭാവം ഇവയാണ് നമ്മുടെ ആഭരണങ്ങൾ.

ഇവ ഹൃദയത്തിൽ വളരുമ്പോൾ, ജീവിതം തന്നെ ദൈവമഹത്വം പ്രതിഫലിപ്പിക്കുന്ന ഒരു സാക്ഷ്യമായി മാറുന്നു.

പുറമേയുള്ള അലങ്കാരത്തിലല്ല; അകത്തെ ആത്മീയ സൗന്ദര്യത്തിൽ ഞങ്ങളെ വളർത്തേണമേ....

എന്നായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന!

# യേശു ദൈവത്തിന്റെ പ്രീയപുത്രൻ ലോകത്തിന്റെ ദൈവപുത്രൻ



പ്രവീൺ പ്രചോദന

**പ**ദവികൾ എല്ലാവർക്കും ഇഷ്ടമാണ് അതാരും നിരസിക്കുവാനും ആഗ്രഹിക്കുന്നില്ല അതിപ്പോൾ പ്രാപ്തി ഉണ്ടെങ്കിലും ഇല്ലെങ്കിലും. വിരളമായി ചിലർ ഉണ്ടായേക്കാം എന്നത് തള്ളിക്കളയാവുന്നതുമല്ല. അർഹതപ്പെട്ടതാണെങ്കിൽ തേടിവരാതെയും ഇരിക്കില്ല. ഒട്ടും മനസ്സില്ലെങ്കിലും ചില പദവികൾ നിർബന്ധത്താലും ചുമത്തപ്പെടാറുണ്ട്. സ്വയസമർപ്പണത്തോടെ ഏറ്റെടുക്കുന്നവരുമുണ്ട്. പദവികൾ എന്നുദ്ദേശിക്കുന്നത്: ആയിരിക്കുന്ന അവസ്ഥയിൽ നിന്നും വ്യവസ്ഥ പ്രകാരമുള്ള മറ്റൊന്നിലേക്കുള്ള പ്രവേശനമാണ്. അതു വെറുമൊരു നാമധേയമല്ല. മറിച്ചു ഉത്തരവാദിത്വ പൂർത്തികരണമാണ്. ചിലപ്പോൾ ആയിരിക്കുന്ന പദവി അതിനു മുകളിൽ മറ്റൊന്നില്ലയെന്നവിധത്തിൽ ഏറ്റവും ശ്രേഷ്ഠമായിരിക്കാം. എന്നാൽ ഒരിക്കലും ഒരാളും താണ പദവിയിൽ എത്തപ്പെടാൻ മനസ്സാൽ ആഗ്രഹിക്കുമെന്നു കരുതാൻ വഴിയില്ല. ഒരുപക്ഷെ സാഹചര്യസമ്മർദ്ദങ്ങൾക്ക് വഴങ്ങേണ്ടി വന്നേക്കാം. മുകളിൽ ഉദ്ധരിച്ചതിൽ നിന്നും വിഭിന്നമായ പദവിയെയും വ്യക്തിയെയും പരിചയപ്പെടാനും മാതൃകയാക്കാനും നമ്മുക്ക് കഴിയേണം.

സർവ്വർക്കും മാതൃകപുരുഷനായ യേശുക്രിസ്തുവിനോടൊപ്പം ഒരു സഞ്ചാരത്തിന്റെ ആവശ്യകതയിലേക്കുള്ള പാത വ്യക്തമാക്കപ്പെടുകയും ശേഷം ഓരോരുത്തരും സ്വയം വിലയിരുത്തപ്പെടുകയും വേണം. അപ്പോഴാണ് പദവിയെന്നതിനേക്കാൾ വ്യക്തിത്വപ്രഭാവത്തിന് ആക്കം വർദ്ധിക്കുകയുള്ളു.

സൃഷ്ടികർമ്മത്തിൽ കാരണഭൂതനും സകലവും അവൻ മുഖാന്തരവും അവനെ കൂടാതെ ഒന്നും ഉളവായിട്ടുമില്ല എന്ന ദൈവമെന്ന പരമോന്നത പദവിയിൽ നിന്നും ജഡമായി (മനുഷ്യനായി) കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു എന്ന കാര്യം നിസ്സാരമല്ല. ഇതൊരു ഉയർച്ചയിൽ നിന്നും താഴ്ചയിലേക്കുള്ള പൂർണ്ണ മാറ്റമാണ്. ദൈവരൂപമോ, ദൈവസമത്വമോ മുറുകെപിടിക്കണമെന്ന് വിചാരിക്കാതെ ദാസരൂപത്തിലും, മനുഷ്യവേഷത്തിലും തന്നെത്താൻ താഴ്ത്തുക എന്നതും ഒരു പദവി ആണ്. യേശു അതു ചെയ്തു. മനുഷ്യരായ നമ്മിൽ എത്രപേർക്ക് ഏറ്റവും താണ പദവിയിൽ സ്വയം താഴുവൻ കഴിയും?

സ്വയം താഴുവൻ കഴിയുന്നത് ഒരു പദവിയെന്ന് മനസ്സിലാകുന്നത് അതിന്റെ അന്തിമഘട്ടത്തിലാണ്. ആയതിനും ഉത്തമമാതൃക യേശുക്രിസ്തു മാത്രമാണ്.

യേശു, ഇമ്മാനുവേൽ, രാജാവ്, ക്രിസ്തു, തലവൻ, നസറായൻ, ബലവാൻ എന്നൊക്കെ മത്തായി 1 മുതൽ 3 വരെയുള്ള അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നെങ്കിലും യേശുവിനെ സ്വർഗ്ഗം പരിചയപ്പെടുത്തുന്നത് വളരെ ശ്രദ്ധേയമാണ് 'ഇവൻ എന്റെ പ്രീയപുത്രൻ' ഇതൊരു പദവിയുടെ പ്രഥമ ചുവടുവെപ്പാണ്. ഈ പദവി യേശുവിനു മുമ്പോ ശേഷമോ ആർക്കും ലഭിക്കാത്ത തനിക്കു മാത്രം സ്വന്തമായതാണ്.

ദൈവത്തിനു പ്രീയപുത്രൻ എങ്കിൽ ലോകത്തിനു ദൈവപുത്രനാണ്. അപ്പോൾ ലോകം അവനെ പരീക്ഷണവിധേയനാക്കും. ദൈവപുത്രൻ എന്നറിയാമെങ്കിലും അംഗീകരിക്കാൻ പ്രയാസപ്പെടുന്നു. കാരണം വേഷത്തിൽ മനുഷ്യപുത്രനാണല്ലോ!

ഒരു ദൈവവിശ്വാസിക്കു നേരിടാവുന്ന പരീക്ഷകൾ ഏതൊക്കെ തരത്തിലാണെന്നും അവയെ എങ്ങനെ ജയിക്കാമെന്നും മത്തായി 4-ൽ വ്യക്തമാക്കിയിട്ടുണ്ട്. അത് ശാരീരികവും, മാനസീകവും, ആത്മീയവുമായ മേഖലകളെ ബന്ധപ്പെടുത്തിയാണ്. 'ദൈവത്തെ അംഗീകരിച്ച ദൈവം അംഗീകരിച്ച' ഒരു വ്യക്തി ലോകത്തിനു ദൈവപുത്രൻ ആകുന്നത് പരീക്ഷകളെ ജയിക്കുമ്പോഴാണ്. പ്രത്യേകാൽ പരീക്ഷകനെ എന്നെ വിട്ടുപോ എന്നുപറയുമ്പോൾ പിശാച് വിട്ടുപോകയും ദൂതന്മാർ വരുകയും ചെയ്യുന്നത് ദൈവീക പദവിയുടെ മറ്റൊരു വെളിപ്പെടുത്തൽ കൂടെയാണ്.

കല്ല് അപ്പമാക്കുന്നതിനല്ല പ്രാധാന്യം, ചാടുന്നതിലും (സാഹസീകങ്ങളിലും) അല്ല, വെട്ടിപ്പിടിക്കാനുള്ള കുതിപ്പിലും അല്ല. മനുഷ്യ വേഷത്തിലും ദൈവമാണെന്ന് തെളിയിച്ച യേശുവിനെപോലെ ദൈവത്തിന്റെ പ്രീയമക്കളാകാൻ ബലമുള്ള ദൈവകരങ്ങളിൽ താണിരിക്കാം തക്കസമയത്തു നാം ഉയരേണ്ട സ്ഥാനത്തു നാം എത്തപ്പെടും.

(തുടരും...)



ജെയ്മോൻ ഏബ്രഹാം

# വളർച്ച



**തി**രക്കേറിയ ജീവിതാനുഭവങ്ങളിൽ മറന്നുപോകാൻ സാധ്യതയുള്ള ഒന്നാണ് വളർച്ച. എത്രത്തോളം ആഴത്തിലേക്ക് ഇറങ്ങാൻ കഴിയുകയും എത്രത്തോളം ഉയരത്തിലേക്ക് ഉയരാൻ കഴിയുകയും ചെയ്തു എന്നുള്ളത് വളർച്ച.

ഇല്ലായ്മകളിൽ നിന്ന് ഇല്ലായ്മകളിലേക്കുള്ള ഒരു വലിച്ചെറിയപ്പെടലാണ് മനുഷ്യന്റെ അസ്തിത്വം എന്ന് പറഞ്ഞ് നമ്മെ ഭയപ്പെടുത്തുന്ന യുക്തിവാദികൾക്ക് മുൻപിൽ ഒന്നുമില്ലായ്മയിൽ നിന്ന് ദൈവമഹത്വത്തിലേക്കുള്ള പങ്കാളിത്തപരമായ വളർച്ചയുടെ പേരാണ് വാസ്തവത്തിൽ ആത്മീയത അതൊരു ക്ഷണമാണ്. തികച്ചും നമ്മുടെ ജീവിതാനുഭവങ്ങളിൽ നടക്കുകയില്ല എന്ന് സാഹചര്യങ്ങൾ ബോധ്യപ്പെടുത്തുന്ന കട്ടികൂടിയ അനുഭവങ്ങളെ പുറന്തോട്ടുകളെ പൊട്ടിച്ച് നിറവും തികവും ചൈതന്യവുമുള്ള ഒന്നിലേക്ക് വളരാനുള്ള സാധ്യതയുടെ പേര് കൂടെയാണത്.

യോഹന്നാന്റെ ലേഖനം മൂന്നാം അധ്യായം ഒൻപതാമത്തെ വാക്യം ദൈവത്തിൽ നിന്ന് ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല അവന്റെ വിത്ത് അവനിൽ വസിക്കുന്നു. ഒരു സാധ്യതയുടെ പേര് പറഞ്ഞാണ് യോഹന്നാൻ അപ്പോസ്തോലൻ നമ്മെ ധൈര്യപ്പെടുത്തുന്നത് നാം ദൈവത്തിൽ നിന്ന് ജനിച്ചവരാണ്, ഒരു അസാധാരണ വളർച്ചയിലേക്കുള്ള സാധ്യതയുണ്ട് നമ്മിൽ ഒരു വിത്ത് മണ്ണിലിട്ടാൽ അത് വളരണമെങ്കിൽ വെള്ളത്തിന്റെയും വെളിച്ചത്തിന്റെയും മണ്ണിന്റെയും കാറ്റിന്റെയും ഒക്കെ സഹായം വേണം. എന്നാൽ ആ വിത്ത് വളർന്ന് വലുതാകുമ്പോൾ കേവലം കാറ്റാകുന്നില്ല. വെള്ളമാകുന്നില്ല ,മണ്ണായി മാറുന്നില്ല, മറിച്ച് എന്തിന്റെ വിത്ത് ആയിരിക്കുന്നുവോ ആ മരം തന്നെയായി മാറുന്നു.

നമുക്ക് മുൻപിലുള്ള എല്ലാ സാഹചര്യങ്ങൾക്കും നമ്മെ തളർത്താനും വളർത്താനുമുള്ള സാധ്യതകളുണ്ട്. എന്നാൽ നമ്മിൽ നിക്ഷേപിക്കപ്പെട്ട വിത്ത് മാത്രമേ വളരുകയുള്ളൂ. വെള്ളത്തിലേക്ക് ഇറങ്ങി കാൽ നനച്ച് വരുന്ന ഒന്നിൽ നിന്ന് ആഴത്തിലേക്ക് നടക്കാനുള്ള ഒരു ആവേശം കാണിക്കലൂടെ ഈ നാളുകൾ ആവശ്യമാണ് മണ്ണുകളുടെ നിർമ്മലതയെ തുളച്ച് താഴേക്ക് വേര് പിടിക്കേണ്ടതുണ്ട്. അപ്പോൾ തന്നെ ഉയരങ്ങളിലേക്ക് ഉയരേണ്ടതുമുണ്ട്. ആദ്യം മണ്ണിലേക്കാണ് ഇറങ്ങുക പിന്നീട് ഉയരങ്ങളിലേക്ക് നാം എടുക്കുകയും ചെയ്യണം. രണ്ടു തലത്തിൽ ശക്തിപ്പെട്ടേ മതിയാകയുള്ളൂ. ഈ നാളുകൾ നമ്മെക്കുറിച്ച് നാം ധരിക്കുന്ന ധാരണകൾ വിടണം.

സാഹചര്യങ്ങളും അനുകൂല പദവികളും ധനങ്ങളും നന്മകളും ഭവനവും വസ്തുവകകളും എല്ലാം ഈ മണ്ണിനകത്ത് വീണ വിത്തിന് വളരാനുള്ള സാധ്യതകൾ മാത്രമാണ്. എന്നാൽ അവയൊന്നുമല്ല നാം ഉയരത്തിലെ തമ്പുരാന്റെ ഒരു സാധ്യതയുടെ ആഴമുണ്ട് നമ്മിൽ അത് വിശുദ്ധിയിലേക്കുള്ള ഒരു വളർച്ചയുണ്ട് വിശുദ്ധിയാൽ പുതിയതാക്കപ്പെടുന്ന ഒരു അകത്തെ മനുഷ്യനുണ്ട് ആ വളർച്ചയാണ് ജീവിതത്തിന്റെ ആത്മീയതയെ നിർണ്ണയിക്കുന്നത്.

പുറന്തോടുകൾ പൊട്ടിക്കഴിഞ്ഞാൽ ഏതല്ലാം സാഹചര്യത്തെ സ്വീകരിക്കുന്നുവോ സ്വീകരിക്കുന്ന ഒന്നുമല്ല നാം നമ്മിൽ നിക്ഷേപിക്കപ്പെട്ട ക്രിസ്തുവെന്ന നിർമ്മല വിത്തിന്റെ വളർച്ചയാണ് സംഭവിക്കേണ്ടത് ആ ഒരു തിരിച്ചറിവ് നമ്മിൽ രൂപാന്തരവും ഭാവാന്തരവും സൃഷ്ടിച്ച്, വളർച്ചയുടെ പുതിയ മുഖങ്ങളിലേക്ക് നമ്മെ നയിക്കും. അതിനാൽ ക്രിസ്തുവെന്ന തലയോട് ചേർന്നുകൊണ്ട് നാം എല്ലാറ്റിലും വളർച്ച പ്രാപിക്കാം.

ദൈവത്തിൽനിന്നു ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല; അവന്റെ വിത്ത് അവനിൽ വസിക്കുന്നു; ദൈവത്തിൽനിന്നു ജനിച്ചതിനാൽ അവനു പാപം ചെയ്‌വാൻ കഴികയുമില്ല (1യോഹന്നാൻ 3:9).